ഇഹ്സാൻ

# പാകിസ്താൻ കഴിഞ്ഞാൽ പിന്നെ?

**ഇന്ത്യക്കും** പാകിസ്താനുമിടയിൽ അടുത്ത അഞ്ചു വർഷക്കാലം എപ്പോഴൊക്കെ എന്തൊക്കെ സംഭവിക്കുമെന്ന് നമുക്കു പ്രവചിക്കാനാവുമോ? ആവുമെന്നും ആവില്ലെന്നും വിശ്വസിക്കാനുള്ള അവകാശം പൊതുജനത്തിനുണ്ട്. നാം കാണേണ്ടിവരുന്നതെല്ലാം അപ്പപ്പോഴുണ്ടാകുന്ന സംഭവങ്ങളോടുള്ള പ്രതികരണങ്ങളാണെന്നാണ് പൊതുവെ ആർക്കും തോന്നാനിടയുള്ളതും. എന്നാൽ നടക്കുന്ന കാര്യങ്ങൾ പലപ്പോഴും യുക്തിക്കു നിരക്കുന്നവയല്ല. എവിടെയോ ആരോ എഴുതിവെച്ച ഒരു നാടകത്തിന്റെ സ്വന്തം ഭാഗങ്ങൾ അഭിനയിച്ചു തീർക്കുന്നവരാണ് ഇരു രാജ്യങ്ങളിലെയും ഭരണാധികാരികളെന്ന് സംശയിക്കാവുന്ന എമ്പാടും പഴുതുകൾ അതിലുണ്ട്. പാകിസ്താനെതിരെ വാജ്പേയി ഏത് മാസത്തിൽ സംഘർഷം മൂർഛിപ്പിക്കണമെന്നും ഏത് മാസത്തിൽ അനുരഞ്ജനമുണ്ടാക്കണമെന്നും സി.ഐ.എ മുൻകൂട്ടി തീരുമാനിച്ച ഒരു റിപ്പോർട്ടിൽ ഉണ്ടായിരുന്നതായി പറയപ്പെടുന്നുണ്ട്. എന്നല്ല ഈ റിപ്പോർട്ട് ചിലർ പുറത്തുവിടുകയും ചെയ്തിട്ടുണ്ട്. നമ്മെ അത്ഭുതപ്പെടുത്തുന്നതാണ് അതിലെ തീയതികൾ. കൃത്യമായും അതനുസരിച്ചു തന്നെയാണ് കാര്യങ്ങൾ അക്കാലത്ത് മുന്നോട്ടുപോയിക്കൊണ്ടിരുന്നതും. ഇപ്പോൾ നടക്കുന്ന ഏർപ്പാടുകൾക്കു പിന്നിലും ഇങ്ങനെ വല്ല ഇണ്ടാസും കിട്ടിയിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

സ്വന്തം ജനങ്ങളോട് യുദ്ധം നടത്തി കുത്തുപാളയെടുക്കുന്ന തിരക്കിനിടയിലും പാകിസ്താൻ പ്രധാനമന്ത്രി കശ്മീരിലെ ഇന്ത്യൻ അടിച്ചമർത്തലിനെ കുറിച്ചു പറയുന്നത് ഉദാഹരണം. ഒരു പ്രകോപനവുമില്ലാതെയാണ് ഇങ്ങോർ ഇന്ത്യക്കെതിരെ തിരിയുന്നത് എന്നത് ശ്രദ്ധിക്കുക. ലോകത്തെ ഏറ്റവും വലിയ തിന്മ ഇറാനാണെന്ന് ഇക്കഴിഞ്ഞ മാർച്ചിൽ ഒരു പ്രകോപനവുമില്ലാതെ ഇസ്രയേൽ നടത്തിയ പ്രസ്താവനയെയാണ് ഇത് ഓർമിപ്പിച്ചത്. ഒരു ഭാഗത്ത് സ്വാത്തിൽ പട്ടാളത്തെ ഉപയോഗിച്ച് തീവ്രവാദികളെ അടിച്ചമർത്തുകയും മറു ഭാഗത്ത് ലശ്കർ നേതാവ് ഹാഫിസ് സഈദിനെതിരെ കോടതിയിൽ മറ്റൊരു നിലപാട് സ്വീകരിക്കുകയും ചെയ്തതും എടുത്തു പറയാവുന്നതാണ്. സൂഫി മുഹമ്മദിനെയും 300ഓളം താലിബാൻ തടവുകാരെയും കഴിഞ്ഞ വർഷം ജയിലിൽ നിന്നും വിട്ടയച്ചതിന് ശേഷമാണ് സ്വാത്തിൽ ഇപ്പോഴത്തെ യുദ്ധം തുടങ്ങുന്നത്. പ്രകടമായ ഇരട്ടത്താപ്പുകളല്ലേ അത്? മുംബൈ ആക്രമണത്തിന് പിന്നിൽ ഹാഫിസ് സഈദിന് പങ്കുണ്ടായിരുന്നുവെന്ന് കരുതുന്ന നിലപാടിൽ വസ്തുതകളും രാഷ്ട്രീയവും ഒരുപോലെയുണ്ട്. അഫ്ഗാൻ അതിർത്തിയിലെ ഇപ്പോഴത്തെ യുദ്ധത്തേക്കാൾ പ്രധാനപ്പെട്ടത് മുംബൈ ആക്രമണവുമായി ബന്ധപ്പെട്ട അടിസ്ഥാന വസ്തുതകളാണെന്ന് എന്തുകൊണ്ട് പാകിസ്താൻ തീരുമാനിച്ചു?

ഹാഫിസ് സഈദിനെ വിട്ടയക്കുകയും കശ്മീരി തീവ്രവാദികൾക്ക് ദിശനിർണയിച്ചു കൊടുക്കുകയും ചെയ്യുന്ന ഈ പ്രസ്താവനയിൽ വ്യക്തമായ അപകടമുണ്ട്. അഫ്ഗാനിസ്താന്റെ അതിർത്തിയിൽ നിന്നും തീവ്രവാദികളെ ഇന്ത്യയിലേക്ക് പറഞ്ഞയക്കാനുള്ള അവസരമാണ് മുംബൈ ആക്രമണത്തിന്റെ പ്രായോജകർ അന്ന് മനസ്സിൽ കണ്ടിരുന്നത്. പക്ഷേ ഇന്ത്യക്കും പാകിസ്താനുമിടയിൽ പ്രതീക്ഷിച്ച യുദ്ധമുണ്ടായില്ല. ഇന്ന് അതേ താലിബാനെ അഫ്ഗാന്റെ മേഖലയിൽനിന്നും തുരത്തുകയാണ് പാകിസ്താനും അമേരിക്കയും ചെയ്യുന്നത്. പക്ഷേ എങ്ങോട്ടേക്കാണ് ഇക്കൂട്ടരെ ആട്ടിയോടിക്കുന്നതെന്ന് ഇപ്പോഴും വ്യക്തമല്ല. ഭീകര വിരുദ്ധയുദ്ധത്തിൽ 'മുറുക്കുക' എന്ന നിലപാട് ഒരിക്കലും അന്തിമമല്ലെന്നാണ് പാകിസ്താനും അമേരിക്കയും അടിവരയിടുന്നത്. അതേസമയം പൂർണമായും അയച്ചുവിടുന്നതും ഇവരുടെ രീതിയല്ല. അന്തിമമായി ഒന്നിനെയും നശിപ്പിക്കുകയോ അയച്ച് വിടുകയോ ചെയ്യരുതെന്നതാണ് ഒരർഥത്തിൽ ഈ യുദ്ധത്തിന്റെ സമ്പ്രദായമെന്നു തോന്നും.

അമേരിക്കൻ യുദ്ധ യന്ത്രത്തെ നിയന്ത്രിക്കുന്ന ചില മുതിർന്ന ഉദ്യോഗസ്ഥന്മാർ ചേർന്ന് ഈയിടെ നടത്തിയ ഒരു പ്രസ്താവനയിലേക്കാണ് പാക്പ്രധാനമന്ത്രിയുടെ നിലപാടുകൾ കൂട്ടിവായിക്കപ്പെടുന്നത്. അമേരിക്കൻ പ്രതിരോധ സെക്രട്ടറി റോബർട്ട് ഗേറ്റ്സ്, നാവിക സേനാധിപൻ മെക്ക് മുല്ലം, കരസേനാധിപൻ ഡേവിഡ് പെട്രോണാസ്, റിച്ചാർഡ് ഹോൾബ്രൂക്ക് എന്നിവരാണ് പ്രസ്താവനാ യുദ്ധത്തിലെ ആദ്യത്തെ വെടിപൊട്ടിച്ചത്. പാക് ചാര സംഘടനയായ ഐ.എസ്.ഐക്ക് അഫ്ഗാനിലെ താലിബാനുമായും ഇന്ത്യൻ കശ്മീരിലെ ഭീകര സംഘടനകളുമായും ബന്ധമുണ്ടെന്നാണ് അമേരിക്കയുടെ പുതിയ കണ്ടെത്തൽ. ലോകത്ത് മുഴുവൻ പാട്ടായ ഈ വിവരം എന്തേ ഇപ്പോൾ ഒരു മഹാത്ഭുതം പോലെ അമേരിക്കൻ യുദ്ധത്തമ്പുരാക്കന്മാരുടെ വായിൽനിന്നും വീഴാൻ കാരണം? ഇക്കണ്ട കാലമത്രയും ഇന്ത്യ ഇതേ ആരോപണം ഉന്നയിച്ചുകൊണ്ടിരുന്നപ്പോൾ പട്ടി ചന്തക്കുപോയ മട്ടിൽ അവഗണനയോടെ നോക്കിയിരുന്നവരല്ലേ ഇവർ?

അമേരിക്കയുടെ ഇപ്പോഴത്തെ ലക്ഷ്യം പാകിസ്താനെ തകർക്കുകയാണെന്നും അതു കഴിഞ്ഞാൽ നോട്ടം ഇന്ത്യയിലേക്കാണെന്നും മനസ്സിലാവാൻ ഈ പ്രസ്താവന ധാരാളം മതി. ഇന്ത്യനതിർത്തിയിലെ തീവ്രവാദി സംഘങ്ങൾക്ക് ഐ.എസ്.ഐയുമായി ബന്ധമുണ്ടെന്ന് ഇത്രയും കാലം അംഗീകരിക്കാതിരുന്നവർ പെട്ടെന്നൊരു സുപ്രഭാതത്തിൽ ഇക്കാര്യം പറയാൻ തുടങ്ങുമ്പോൾ അതിലടങ്ങിയിട്ടുള്ളത് മുൻകൂർ ജാമ്യമാണ്. ഇന്ത്യയിൽ വീണ്ടും ആരംഭിക്കാൻ പോകുന്ന അഴിഞ്ഞാട്ടത്തിന് തങ്ങളല്ല ഐ.എസ്.ഐ ആയിരിക്കും ഉത്തരവാദികൾ എന്ന പ്രഖ്യാപനമാണത്. ഒപ്പം യുദ്ധം പാകിസ്താനിലേക്കു വ്യാപിപ്പിക്കുന്നതിന്റെ തുടക്കവും കൂടിയാണത്. സാമ്രാജ്യത്വത്തിന് സുഹൃത്തുക്കളില്ല, സഖ്യകക്ഷികൾ മാത്രമേയുള്ളൂ എന്ന നിലപാടിന് അടിവരയിട്ടുകൊണ്ടാണ് ഒരുകാലത്തെ പാദസേവകരെ തള്ളിപ്പറഞ്ഞ് അവരെ പുതിയ യുദ്ധമുഖങ്ങളിലേക്ക് അമേരിക്ക തള്ളിയിടുന്നത്. നാളെ ഇതാണ് തങ്ങളുടെയും ഗതിയെന്ന് ഇന്ത്യയിലെ ഏജന്റുമാർക്ക് അറിയാത്തതാവില്ല. പക്ഷേ ജനങ്ങൾ ഈ കാപട്യം തിരിച്ചറിയുന്ന കാലം ഉണ്ടാവില്ലെന്നാണ് 'കമ്പനി ഭരണകൂട'ങ്ങളുടെ വിചാരം. ■

(കഴിഞ്ഞ ഏതാനും ലക്കങ്ങളിൽ
ഈ കോളം മുടങ്ങിയതിൽ ഖേദിക്കുന്നു)